# ജില്ലാ മാതൃക ആശുപത്രി, പേരൂർക്കട
# തിരുവനന്തപുരം-695005

**ഫോൺ:: (0471) 2432071** **ഇ-മെയിൽ:: dmhperoorkada@gmail.com**


നം.ജി1-1444/2025/ജി.മാ.ആ.പേ തീയതി:: 10.03.2025

## ദർഘാസ് പരസ്യം

തിരുവനന്തപുരം പേരൂർക്കട ജില്ല മാതൃകാ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി JSSK, KASP, AK, RBSK, MEDISEP എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ഉള്ളവർക്ക് ഈ ആശുപത്രിയിൽ ലഭ്യമല്ലാത്ത സ്കാനിംഗ് ചെയ്തു നൽകുന്നതിന് അടുത്ത ഒരു വർഷത്തേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, താല്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങൾ/ ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. മുദ്രവച്ച കവറിലാക്കിയ പൂരിപ്പിച്ച ദർഘാസുകൾ 27.03.2025 വൈകുന്നേരം 3 മണിയ്ക്ക് മുമ്പ് ഈ ആഫീസിൽ ലഭിക്കത്തക്കവിധം സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. കവറിന് പുറത്ത് മുകളിൽ കാണുന്ന നമ്പർ രേഖപ്പെടുത്തേണ്ടതാണ്. വൈകിവരുന്നവ പരിഗണിക്കുന്നതല്ല 28.03.2025 11.30AM ന് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ആവശ്യമായ രേഖകൾ ഹാജരാക്കിയതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്നതുമായ ടെന്റർ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ഓരോ സ്കാനിംഗിനും എത്ര രൂപ എന്ന നിരക്കിൽ പട്ടികയിൽ പറയുന്ന ക്രമത്തിൽ തുക രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

അടങ്കൽ തുക 4,99,999/- രൂപ

**<u>വ്യവസ്ഥകൾ</u>**

2) ദർഘാസ് ഫാറത്തിന്റെ വിലയായ1000/- രൂപ (1000+ജിഎസ്ടി 18% അടക്കം) ആഫീസിൽ അടച്ച് അവ വാങ്ങാവുന്നതാണ്.

2) നിരതദ്രവ്യമായി തുക 5000/- (അയ്യായിരം രൂപ മാത്രം) രൂപ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഇല്ലാത്തവ നിരസിക്കുന്നതായിരിക്കും.

3) അപ്രകാരം തയ്യാറാക്കിയ ക്വട്ടേഷൻ നിരതദ്രവ്യം സഹിതം സീൽ ചെയ്ത കവറിലാക്കി “ടെണ്ടർ ഫോർ സ്കാനിംഗ്”എന്നെഴുതേണ്ടതും സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട എന്ന വിലാസം എഴുതി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

4) ആശുപത്രി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ യാതൊരുവിധ മുന്നറിയിപ്പുമില്ലാതെ കരാർ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5) ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ ആശുപത്രി സൂപ്രണ്ടിന്റെയും മാനേജ്മെന്റ് കമ്മിറ്റിയുടെയും നിയമങ്ങളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്നും കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയില്ലായെന്നും കാലാവധി കഴിയുമ്പോൾ യാതൊരുവിധ തർക്കങ്ങളോ തടസ്സങ്ങളോ ഉന്നയിക്കാതെ ഒഴിഞ്ഞു പോകാമെന്നുള്ള വിവരം 200 രൂപ മുദ്രപത്രത്തിൽ രണ്ട് സാക്ഷികളുടെ ഒപ്പും വിലാസവും തിരിച്ചറിയൽ കാർഡിന്റെ/ആധാർ കാർഡിന്റെ പകർപ്പും സഹിതം സൂപ്രണ്ടിന് നൽകേണ്ടതാണ്.

6) പൂർണ്ണ വിവരങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

7) ദർഘാസുകൾ നിരസിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനും ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിനുണ്ടായിരിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10.15 മണിമുതൽ 5 മണിവരെ) ആശുപത്രി ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

DISTRICT MODEL HOSPITAL
PEROORKADA, THIRUVANANTHAPURAM
PIN-695 005.

**ഡോ. ശ്യാംകുമാർ ബി**
**സൂപ്രണ്ട് ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡയറക്ടർ, IPRD തിരുവനന്തപുരം

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
3. ജില്ലാമെഡിക്കൽ ആഫീസർ(ആരോഗ്യം) തിരുവനന്തപുരം
4. ജില്ലാ പഞ്ചായത്ത് കാര്യാലയം, തിരുവനന്തപുരം
5. സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
6. ഫയൽ/കരുതൽ ഫയൽ